**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 591** **11-06-2024 - ൽ മറുപടിയ്ക്ക്**

**ലോട്ടറി മേഖലയിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ഇടക്കാല ആശ്വാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ലോട്ടറി നടത്തിപ്പിൽ സർക്കാർ സ്വീകരിച്ച് വരുന്ന നിലപാട് ലോട്ടറി മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് പ്രതിസന്ധി സൃഷ്ടിക്കുന്നതായുള്ള ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | നിലവിൽ തൊഴിലാളി സൗഹൃദപരമായ നടപടികളാണ് വകുപ്പിൽ നിന്നും സ്വീകരിച്ചിട്ടുള്ളത്. ബമ്പർ ഭാഗ്യക്കുറികളിൽ ഒരു ടിക്കറ്റിന് ഒരു രൂപ വീതം ഇൻസെന്റീവ് നൽകി വരുന്നു. ആകെ സമ്മാനങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുകയും, ഒന്നാം സമ്മാനത്തുക വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതുമൂലം അധിക വിൽപ്പന കൈവരിക്കാൻ സാധിച്ചിട്ടുണ്ട്; |
| (ബി) | ലോട്ടറി നടത്തിപ്പിന്റെ ഘടനയിലോ സമ്മാന തുകയുടെ ഘടനയിലോ എന്തെങ്കിലും മാറ്റം വരുത്താൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | 2024-25 ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സമ്മാന ഘടനയും ഭാഗ്യക്കുറി നടത്തിപ്പും പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു; |
| (സി) | ലോട്ടറി ടിക്കറ്റ് ചാർജിലുണ്ടായ വർദ്ധനവും സംസ്ഥാനത്ത് നിലവിലുള്ള സാമ്പത്തിക സ്ഥിതിയും കാരണം പ്രസ്തുത മേഖലയിലെ ജീവനക്കാർ നേരിടുന്ന പ്രതിസന്ധികൾ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | സമീപകാലത്തൊന്നും സംസ്ഥാന ഭാഗ്യക്കുറി ടിക്കറ്റുകളുടെ വില വർദ്ധിപ്പിച്ചിട്ടില്ല. അതിനാൽത്തന്നെ ഇത്തരത്തിലൊരു പ്രതിസന്ധി നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എങ്കിലും ഭാഗ്യക്കുറി ഏജന്റുമാരുടെ ക്ഷേമം കണക്കിലെടുത്ത് ബമ്പർ ടിക്കറ്റുകളിൽ ഒരു ടിക്കറ്റിന് ഒരു രൂപ വില്പന ഇൻസെന്റീവ് നല്കുന്നുണ്ട്. |
| (ഡി) | എങ്കിൽ ലോട്ടറി മേഖലയിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ഇടക്കാല ആശ്വാസത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | (ഡി) | സമീപകാലത്തൊന്നും സംസ്ഥാന ഭാഗ്യക്കുറി ടിക്കറ്റുകളുടെ വില വർദ്ധിപ്പിച്ചിട്ടില്ല. അതിനാൽത്തന്നെ ഇത്തരത്തിലൊരു പ്രതിസന്ധി നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എങ്കിലും ഭാഗ്യക്കുറി ഏജന്റുമാരുടെ ക്ഷേമം കണക്കിലെടുത്ത് ബമ്പർ ടിക്കറ്റുകളിൽ ഒരു ടിക്കറ്റിന് ഒരു രൂപ വില്പന ഇൻസെന്റീവ് നല്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ